# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 617 03.03.2020-ൽ മറുപടിയ്ക്ക്**

**അർബൻ ബാങ്കുകളുടെ മേൽ ആർ.ബി.ഐ.നിയന്ത്രണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അൻവർ സാദത്ത്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | അർബൻ ബാങ്കുകളുടെ മേൽ സഹകരണ വകുപ്പിനുള്ള നിയന്ത്രണം എടുത്ത് കളഞ്ഞ് ആർ.ബി.ഐ.യുടെ മാത്രം നിയന്ത്രണത്തിലാക്കുന്നതിനുള്ള നടപടികൾ ആർ.ബി.ഐ. ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അർബൺ ബാങ്കുകളുടെ മേൽ സഹകരണ വകുപ്പിനുള്ള നിയന്ത്രണം എടുത്തുകളഞ്ഞ് ആർ.ബി.ഐ. യുടെ മാത്രം നിയന്ത്രണത്തിലാക്കുന്നതിനുള്ള നടപടികൾ ആർ.ബി.ഐ. സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ അർബൻ ബാങ്കുകളിൽ സഹകരണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാർ, ആഡിറ്റർമാർ എന്നീ ചുമതലകൾ വഹിക്കുന്ന എത്ര ഉദ്യോഗസ്ഥർ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (ബി) | 1. അസ്സിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) - 1<br>2. അസ്സിസ്റ്റന്റ് ഡയറക്ടർ - 26<br>3. സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ - 6<br>4. സീനിയർ ആഡിറ്റർ - 20<br>5. ജൂനിയർ ആഡിറ്റർ - 18 |
| (സി) | അർബൻ ബാങ്കുകളുടെ നിയന്ത്രണം ആർ.ബി.ഐ. ഏറ്റെടുക്കുന്നതോടെ സഹകരണ വകുപ്പിലെ മേല്പറഞ്ഞ ഉദ്യോഗസ്ഥരുടെ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം സംജാതമായിട്ടുണ്ടോയെന്നറിയിക്കാമോ; | (സി) | അർബൺ സഹകരണ ബാങ്കുകളുടെ നിയന്ത്രണം റിസർവ്വ് ബാങ്ക് പൂർണ്ണമായും ഏറ്റെടുത്തിട്ടില്ല. സഹകരണ വകുപ്പിലെ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം സംജാതമായിട്ടില്ല. |
| (ഡി) | ഇക്കാര്യത്തിലുള്ള ജീവനക്കാരുടെ ആശങ്ക അകറ്റുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യത്തിൽ ജീവനക്കാർക്ക് ആശങ്കയുണ്ടാകേണ്ട സാഹചര്യം നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**